"ഭരണഭാഷ-മാതൃഭാഷ"

നമ്പർ എച്ച്1/81694/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 15.10.2018

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് 2018-19 - പുതുക്കിയ തീയതികൾ സംബന്ധിച്ച്

സൂചന : 1. 05.11.2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/2007/പൊ.വി.വ
2. ഈ കാര്യാലയത്തിലെ 26.07.2018 ലെ ഇതേ നമ്പർ പരിപത്രം
3. ഈ കാര്യാലയത്തിൽ നിന്നുള്ള 09.08.2018 ലെ ഇതേ നമ്പർ കത്ത്
4. ഈ കാര്യാലയത്തിൽ നിന്നുള്ള 08.10.2018 ലെ ഇതേ നമ്പർ പരിപത്രം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 2018-19 വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട് സൂചന (4) പ്രകാരം സമയക്രമം പുതുക്കി നിശ്ചയിച്ച് അറിയിച്ചിരുന്നു. എന്നാൽ വോട്ടെടുപ്പ്, വോട്ടെണ്ണൽ തീയതിയായ 17.10.2018 ന് സംസ്ഥാനത്തെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ അന്നേ ദിവസം നടത്തേണ്ട വോട്ടെടുപ്പ് മുതലുള്ള തിരഞ്ഞെടുപ്പ് പ്രക്രിയകൾ താഴെപ്പറയുന്ന പുതുക്കിയ സമയക്രമമനുസരിച്ച് നടത്തേണ്ടതാണ്. സൂചന (2) ലെ പരിപത്രത്തിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സുഗമമായി നടത്താൻ എല്ലാ പ്രഥമാധ്യാപകരും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | വോട്ടെടുപ്പ് തീയതി | 22.10.2018 തിങ്കളാഴ്ച (ഉച്ചയ്ക്ക് 12 മണി വരെ) |
| 2 | വോട്ടെണ്ണൽ തീയതിയും സ്ഥലവും | 22.10.2018 തിങ്കളാഴ്ച (അതത് ക്ലാസ്സുകളിൽ - ഉച്ചയ്ക്ക് 12 മണിക്കു ശേഷം) |
| 3 | പാർലമെന്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് തീയതി | 22.10.2018 തിങ്കളാഴ്ച (ഉച്ചക്ക് 2.30 മുതൽ) |
| 4 | സ്കൂൾ പാർലമെന്റിന്റെ ആദ്യയോഗം | 24.10.2018 ബുധനാഴ്ച |

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)

പകർപ്പ് : എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)